**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **05-02-2026 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ്, പോലീസ്, റവന്യൂ, ആരോഗ്യം, വിദ്യാഭ്യാസം, വനം, മോട്ടോർ വാഹനം, തൊഴിൽ, ഭക്ഷ്യസുരക്ഷ, റെയിൽവേ, കോസ്റ്റൽ പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിച്ച് വിവര ശേഖരണവും, ബോധവൽക്കരണവും നടത്തി വരുന്നു. ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള NCORD (Narco Coordination Centre) മീറ്റിംഗുകൾ ചേർന്ന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തി മയക്കുമരുന്നിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ലഹരി വ്യാപനം തടയുന്നതിനായി ജനകീയ പങ്കാളിത്തത്തോടെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിനായി സർക്കാർ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി 'No to Drugs' എന്ന പേരിൽ ആരംഭിച്ച ലഹരിവിരുദ്ധ ക്യാമ്പയിൻ അഞ്ച് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, ലൈബ്രറികൾ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | മയക്കുമരുന്ന് വിതരണവും ഉപയോഗവും പൂർണമായി തടഞ്ഞ് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ പൊതുജനങ്ങളെ ബോധവല്ക്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ ലഹരിവർജ്ജന മിഷൻ- 'വിമുക്തി' ക്ക് രൂപം |

നൽകിയിട്ടുണ്ട്. വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, വനിതാ-ശിശുവികസനം, പോലീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും വിമുക്തി മിഷൻ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വ്യത്യസ്ത മേഖലകളെ അടിസ്ഥാനമാക്കി ഓരോ മേഖലയ്ക്കും അനുയോജ്യമായ തരത്തിലാണ് ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നത്. ലഹരി വസ്തുക്കളുടെ വിതരണവും വിപണനവും വിദ്യാർത്ഥികളെയും യുവാക്കളെയും കേന്ദ്രീകരിച്ച് നടക്കുന്നതായാണ് കണ്ടു വരുന്നത്. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, സാമൂഹിക മൂല്യങ്ങൾ കൈവരിക്കുന്നതിനും സഹായിക്കുന്നതിന് സ്കൂൾ തലം മുതൽക്കുതന്നെ അതീവ ശ്രദ്ധയും പരിഗണനയും നൽകേണ്ടത് പരിഗണിച്ച് കുട്ടികളെയും യുവാക്കളെയും കേന്ദ്രീകരിച്ചാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതലായും സംഘടിപ്പിച്ചുവരുന്നത്.

വിമുക്തി മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും 3 തലങ്ങൾ ആയാണ് നടപ്പിലാക്കി വരുന്നത്. ബോധവൽക്കരണം, കൗൺസിലിംഗ്, ലഹരിമുക്ത ചികിത്സ എന്നിങ്ങനെയാണ് വിമുക്തിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും, കോളേജ് ക്യാമ്പസ്സുകളിൽ ‘നേർക്കൂട്ടം’, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്നീ കമ്മിറ്റികൾ രൂപീകരിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഉണർവ്വ്' പദ്ധതിയും,

കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനായി "ടീം വിമുക്തി" എന്ന പേരിൽ ഒരു പദ്ധതിയും, ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി പരിഹരിക്കുന്നതിനായി 'നേർവഴി' എന്ന പദ്ധതിയും, കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി 'ബാല്യം അമൂല്യം' എന്ന പദ്ധതിയും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി 2022-2023 വർഷത്തിൽ SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

ആദിവാസി തീരദേശ മേഖലകളിലും അതിഥി തൊഴിലാളികളുടെ ഇടയിലും ലഹരിക്കെതിരെയുള്ള വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ജനജാഗ്രത സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 മേഖല കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും എം.എസ്.ഡബ്ല്യു. യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തി മെന്റേഴ്സ് ആയി നിയമിച്ച് വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകി വരുന്നു.

ലഹരിക്കടിമപ്പെട്ടവർക്ക് ഡീ-അഡിക്ഷൻ ചികിത്സ നൽകുന്നതിനായി വിമുക്തി മിഷന്റെ കീഴിൽ 14 ജില്ലകളിലായി 14 ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. എറണാകുളം ജില്ലയിൽ

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജ്യൂഡിഷ്യൽ കൊളോക്യം, കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് നടത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ്, വനിതാ-ശിശുവികസനം, സാമൂഹ്യനീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ വിവിധ ബോധവൽക്കരണപരിപാടികൾ നടത്തുന്നതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. SOP പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അദ്ധ്യാപകതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ലഹരിയിൽ നിന്നും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുമുള്ള ജാഗ്രത പുലർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ലഹരിയിൽ നിന്നും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുമുള്ള ജാഗ്രത പുലർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും, കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വിഭാഗമായി ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ കീഴിൽ പുനരധിവാസ കേന്ദ്രങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നിരുന്നാലും എൻ.ജി.ഒകളും, സാമൂഹ്യനീതി വകുപ്പുമായും ചേർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള സഹായങ്ങളും സൗകര്യങ്ങളും ചെയ്തു വരുന്നുണ്ട്.<br><br>വിമുക്തി മിഷന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 കൗൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടോൾ ഫ്രീ നമ്പർ ആയ 14405 മുഖാന്തിരം ഫോണിലും അല്ലെങ്കിൽ ടി കേന്ദ്രങ്ങളിൽ നിന്നും നേരിട്ടും കൗൺസിലർമാരുടെ സേവനം സൗജന്യമായി ലഭിക്കുന്നതാണ്. രാവിലെ 8 മണി |

| | | | |
|---|---|---|---|
| | | | മുതൽ രാത്രി 8 മണി വരെ ടി സേവനം ലഭിക്കുന്നതാണ്. |
| (ഡി) | ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനു വേണ്ടി എക്സൈസ് വകുപ്പ് സ്കൂൾ/കോളേജ് പരിസരങ്ങളിലും, കടകളിലും ലഹരി മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും, സ്കൂൾ/കോളേജ് പരിസരങ്ങളിൽ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും റേഞ്ച് ഇൻസ്പെക്ടർമാർ/ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാലയങ്ങൾ സന്ദർശിക്കുകയും, ഉപയോഗ ശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന ഇടങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.<br><br>സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഒരു മണിക്കൂറും സ്കൂൾ സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും ബൈക്ക് പട്രോളിംഗും നടത്തുകയും മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും, ലഹരി ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ്/ ഡീ-അഡിക്ഷൻ ചികിത്സക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു. സ്കൂൾ പരിസരത്തെ കടകളിലും, സ്ഥാപനങ്ങളിലും പരിചയമില്ലാത്തതും, സംശയമുള്ള വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിന് വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ